LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവർത്തന പുരോഗതി

71 [687] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പണി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ എരഞ്ഞോളി വരെയുള്ള ഒന്നാം ഭാഗത്തിന്റെയും, കി.മീ. 7/140 മുതൽ 9/742 വരെയുള്ള രണ്ടാം ഭാഗത്തിന്റെയും സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്.

(ബി ആന്റ് സി) ഈ ബൈപ്പാസിന്റെ ഒന്നാം ഭാഗത്തിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള 44.4 കോടി രൂപയുടെ എസ്റ്റിമേറ്റും, മൂന്നാം ഭാഗത്തിന്റെ (കി.മീ. 9/742 മുതൽ 14/112 വരെ) സ്ഥലമെടുപ്പിന് വേണ്ടിയുള്ള 24.59 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര റോഡു ഗതാഗതവും ദേശീയ പാതയും വിഭാഗം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾക്ക് എത്രയും വേഗം അംഗീകാരം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കേന്ദ്രാനുമതി ലഭ്യമാക്കി പണി എത്രയും വേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പുരോഗതി

72 [688] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-വളവുപാറ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ലോക ബാങ്ക് സഹായത്തോടെ നടത്തിവരുന്ന കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട അപ്ഗ്രഡേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ റോഡിന്റെ പണികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ദർഘാസ് തീയതി 30-6-2004.